**<u>15 -ാം കേരള നിയമസഭ</u>**

**<u>4 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2617</u>** **<u>17-03-2022 - ൽ മറുപടിയ്ക്ക്</u>**

**<u>പുതുതായി ആരംഭിച്ച എം. എസ്. എം. ഇ. കൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ** | | **null**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | 2016 മെയ് മുതൽ 2022 ജനുവരി വരെയുള്ള കാലഘട്ടത്തിൽ കേരളത്തിൽ എത്ര എം.എസ്.എം. ഇ.കൾ പുതുതായി ആരംഭിച്ചു; എത്ര മുതൽ മുടക്ക് അതിലൂടെ ഉണ്ടായിട്ടുണ്ട്; എത്ര തൊഴിലുകൾ പ്രസ്തുത മേഖലയിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്;വ്യക്തമാക്കാമോ; | (എ) | വ്യവസായ വാണിജ്യ വകുപ്പിലെ DIC MIS പ്രകാരമുള്ള കണക്ക് പ്രകാരം 2016 മേയ് മുതൽ 2022 ജനുവരി വരെ കേരളത്തിൽ 80,789 എം.എസ്.എം.ഇ.കൾ ആരംഭിച്ചിട്ടുണ്ട്.ഇതിലൂടെ 7,702 കോടി രൂപയുടെ മുതൽ മുടക്ക് ഉണ്ടായിട്ടുണ്ട്.കൂടാതെ എം.എസ്.എം. ഇ. മേഖലയിൽ 2,89,154 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് . 2016 മെയ് മുതൽ 2022 ജനുവരി വരെ കെ.എസ്.ഐ.ഡി.സി. മുഖേന 189 വ്യവസായങ്ങൾക്ക് ധനസഹായം നല്കിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനത്ത് 1908.48 കോടിയുടെ നിക്ഷേപവും 7500ൽ പരം തൊഴിലവസരങ്ങളും സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | കോവിഡ് കാലത്ത് എം. എസ്. എം. ഇ. കൾക്കായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി; ആകെ എത്ര തുക ചെലവഴിച്ചു? | (ബി) | കോവിഡ് 19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ സഹായിക്കുന്നതിലേക്കായി വ്യവസായ ഭദ്രത പദ്ധതിയ്ക്ക് മുൻ സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കുന്ന (Scheme for interest Subvention on term Loan and Working Capital Loan ) പദ്ധതി പ്രകാരം 01/04/2020 മുതൽ 31/12/2020 വരെ MSME യൂണിറ്റുകൾ എടുക്കുന്ന വായ്പകൾക്ക് 50% താങ്ങ് പലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term Loan/Working Capital) 30000/- രൂപ പരമാവധി 60000/- രൂപ വരെ അനുവദിച്ചിരുന്നു. വ്യവസായ ഭദ്രത പാക്കേജ് അനുസരിച്ച് കെ.എസ്.ഐ.ഡി.സി.യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പ്രവർത്തന മൂലധനത്തിനായി 200 ലക്ഷം വരെയുള്ള ഹ്രസ്വകാല വായ്പകളും പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും തുടങ്ങിയ ഇളവുകളും ലഭ്യമാക്കിയിരുന്നു നിലവിലുള്ള സംരംഭകർക്ക് വായ്പാ തിരിച്ചടവിന് കൂടുതൽ സമയം |

നൽകുകയും നിലവിൽ അടച്ച തീർക്കാൻ ഉള്ള പലിശ (പിഴപ്പലിശ ഒഴിവാക്കി) ഘട്ടംഘട്ടമായി അടച്ച തീർക്കാൻ ഉള്ള സൗകര്യവും ലഭ്യമാക്കിയിരുന്നു. വായ്പയിൽ മുതൽ തിരിച്ചടവിന് ആറു മാസത്തെ മോറട്ടോറിയവും നൽകിയിരുന്നു. കൂടാതെ കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, Covid-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഈ പാക്കേജ് അനുസരിച്ച് പ്രവർത്തനമൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേക്കുള്ള പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേക്ക് കെ.എസ്.ഐ.ഡി.സി.യുടെ എസ്.ഡി.എഫ്.കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതുസൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചു വർഷം കൊണ്ട് പലിശ രഹിത അടവോടും കൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽ നിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.യുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു. വ്യവസായഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ ഇളവ് പദ്ധതി (Scheme for  interest Subvention on term Loan and Working Capital Loan ) യിൽ 2020-21 സാമ്പത്തിക വർഷത്തിൽ 1061 യൂണിറ്റുകൾക്കായി 153.82 ലക്ഷം രൂപ ധനസഹായം നൽകിയിരുന്നു. കൂടാതെ നടപ്പ് സാമ്പത്തിക വർഷത്തിൽ നാളിതുവരെയായി 509 യൂണിറ്റുകൾക്കായി 90.77 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. സംരംഭക സഹായ പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിൽ നാളിതുവരെയായി 1117 യൂണിറ്റുകൾക്കായി 5782.5 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. നാനോ യൂണിറ്റുകൾക്കുള്ള ഗ്രാന്റ് പദ്ധതി വഴി നടപ്പ് സാമ്പത്തിക വർഷത്തിൽ നാളിതുവരെയായി 173 യൂണിറ്റുകൾക്കായി 490.72 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ ഇളവ് പദ്ധതി വഴി നടപ്പ് സാമ്പത്തിക വർഷത്തിൽ നാളിതുവരെയായി 82

| | | | |
|---|---|---|---|
| | | | യൂണിറ്റുകൾക്കായി 10.77 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ